# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2460 01.04.2013 - ൽ മറുപടിക്ക്

### വാട്ടർ അതോറിറ്റിയിലെ ശമ്പള പരിഷ്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എ. അസീസ് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 19.01.2012-ലെ കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് എല്ലാ വിഭാഗം ജീവനക്കാർക്കും നടപ്പാക്കിയിട്ടുണ്ടോ; | (എ) | നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവിലെ ഏതെങ്കിലും ഭാഗം ഏതെങ്കിലും വിഭാഗം ജീവനക്കാർക്ക് നടപ്പാക്കാതിരുന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത ഉത്തരവിൽ കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം 01.07.2009 മുതൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ (നോൺ കേഡർ) ആയി ഉദ്യോഗക്കയറ്റം കിട്ടേണ്ട എ.എക്സ്.ഇ. മാർക്ക് 3 വർഷത്തെ സീനിയോറിറ്റി നഷ്ടമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | 29.09.2012-ലെ ജി.ഒ(പി) നമ്പർ 536/2012(116)/ഫിൻ എന്ന സർക്കാർ ഉത്തരവ് പ്രകാരം 01.02.2011 (അതായത് സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് തീയതി) മുതൽ മാത്രമേ സർക്കാരിൽ കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പിലാക്കിയിട്ടുള്ളൂ. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് തീയതിയായ 19.01.2012 പ്രാബല്യത്തിൽ മാത്രമേ വാട്ടർ അതോറിറ്റിയിലും കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഈ സ്കീമിന് ഉദ്യോഗക്കയറ്റവുമായി ബന്ധമില്ലാത്തതിനാൽ 01.07.2009 മുതൽ ഈ സ്കീം നടപ്പിൽ വരാത്തതിനാൽ സീനിയോറിറ്റി നഷ്ടപ്പെടുകയില്ല. |

| | | | |
|---|---|---|---|
| (ഡി) | 05.11.2012-ൽ കൂടിയ കേരള വാട്ടർ അതോറിറ്റി ഡയറക്ടർ ബോർഡ് യോഗം കരിയർ അഡ്വാൻസ്മെന്റ് സ്കീം 19.01.2012 മുതൽ നടപ്പിലാക്കിയാൽ മതിയെന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനമെടുക്കാനുള്ള കാരണം വ്യക്തമാക്കുമോ; | (ഡി) | 05.11.2012-ലെ കേരള വാട്ടർ അതോറിറ്റി ബോർഡ് യോഗം ജി.ഒ.(പി) നമ്പർ 536/2012(116)/ഫിൻ തീയതി 29.09.2012 എന്ന ഉത്തരവ് കേരള വാട്ടർ അതോറിറ്റിക്ക് കൂടി ബാധകമാക്കുകയും മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം നോൺ - കേഡർ പ്രൊമോഷൻ നൽകിയ മാനേജിംഗ് ഡയറക്ടറുടെ നടപടിയെ സാധൂകരിക്കുകയുമാണ് ചെയ്തത്. പ്രസ്തുത സ്കീം സർക്കാർ ജീവനക്കാർക്ക് അവരുടെ ശമ്പള പരിഷ്കരണ ഉത്തരവ് തീയതിയായ 01.02.2011 മുതൽ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ കേരള വാട്ടർ അതോറിറ്റി ജീവനക്കാർക്ക് അവർക്ക് ബാധകമായ ശമ്പള പരിഷ്കരണ ഉത്തരവ് തീയതിയായ 19.01.2012 മുതൽ അനുവദിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത തീരുമാനം 01.07.2009-നും 18.01.2012-നും ഇടയിൽ വിരമിച്ച എ.എക്സ്.ഇ. മാരുടെ സാമ്പത്തിക ആനുകൂല്യം നഷ്ടമാക്കിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; | (ഇ) | നഷ്ടം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | പ്രസ്തുത നഷ്ടം നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (എഫ്) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ